**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1101** **29-08-2022 - ൽ മറുപടിയ്ക്ക്**

**ജലവിതരണ പൈപ്പ് ലൈൻ പൊട്ടുന്നതിനുള്ള പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ. റോഷി അഗസ്റ്റിൻ (ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പല സ്ഥലങ്ങളിലും പൈപ്പ് ലൈൻ പൊട്ടുന്നതു മൂലം ജലവിതരണം തടസ്സപ്പെടുന്നതും ശുദ്ധജലം പാഴായിപ്പോകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കാരണമെന്താണെന്ന് പഠനം നടത്തിയിട്ടുണ്ടോയെന്നും അതുമൂലം ഓരോവർഷവും ഉണ്ടാകുന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കാമോ; | (എ) | ജല വിതരണ ലൈനുകളിലെ വിവിധ പ്രശ്നങ്ങൾ മൂലം ജല വിതരണം തടസ്സപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൈപ്പുകളുടെ കാലപ്പഴക്കം ആണ് പ്രധാന കാരണം, കൂടാതെ റോഡ് നവീകരണത്തിന്റെയും മറ്റും ഭാഗമായി വിതരണ പൈപ്പുകൾക്കുണ്ടാവുന്ന കേടുപാടുകൾ മൂലവും ജല വിതരണം തടസ്സപ്പെടാറുണ്ട്. ചോർച്ച മൂലം നഷ്ടപ്പെടുന്ന വെള്ളത്തിന്റെ അളവ് ഏകദേശം 20-25 ശതമാനം എന്ന് കണക്കാക്കപ്പെടുന്നു .ഇത് മൂലം ഏകദേശം 200 കോടി രൂപയുടെ വരുമാന നഷ്ടം വാട്ടർ അതോറിറ്റിക്ക് ഉണ്ടാകുന്നതായി കണക്കാക്കാം. |
| (ബി) | ഉപയോഗിയ്ക്കുന്ന പൈപ്പിന്റെ ഗുണനിലവാരക്കുറവാണോ മേൽപ്പറഞ്ഞ പ്രശ്നത്തിന് കാരണമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ; | (ബി) | ആവശ്യമായ മർദ്ദം താങ്ങുന്ന ടെസ്റ്റ് ചെയ്ത് ഗുണനിലവാരം ഉറപ്പാക്കിയ പൈപ്പുകൾ മാത്രമാണ് പ്രവൃത്തികൾക്കായി ഉപയോഗിക്കുന്നത്. കൂടാതെ പൂർത്തീകരിച്ചതിനുശേഷം ഫീൽഡ് ടെസ്റ്റ് നടത്തി മർദ്ദം താങ്ങുന്നുണ്ടെന്നും ചോർച്ച ഇല്ലെന്നും ഉറപ്പുവരുത്താറുമുണ്ട്.ഒരു കോടിക്ക് മുകളിൽ ഉള്ള എല്ലാ പ്രവൃത്തികൾക്കുമുള്ള പൈപ്പുകൾ Central Institute of Petrochemicals Engineering & Technology (CIPET) എന്ന അംഗീകൃത സ്ഥാപനത്തിൽ പരിശോധന നടത്താറുണ്ട്. എന്നിരുന്നാലും കാലപ്പഴക്കം കൊണ്ട് പൈപ്പുകളിലൂടെയും, ജോയിന്റ്, വാൽവുകളിലൂടെയും ജല ചോർച്ച സംഭവിക്കാറുണ്ട്. |
| (സി) | പ്രസ്തുത പ്രശ്നത്തിന്റെ ശാശ്വത പരിഹാരത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (സി) | പൈപ്പ് ലൈനുകളിലെ അറ്റകുറ്റ പ്രവൃത്തികൾ സമയബന്ധിതമായി നടത്തുന്നു. പഴകിയ പൈപ്പുകളും പമ്പ്സെറ്റുകളും മാറ്റി പുതിയവ സ്ഥാപിക്കുവാനുള്ള നടപടികൾ കിഫ്ബി, അമൃത്, സ്റ്റേറ്റ് പ്ലാൻ, Deposit വർക്കുകൾ വഴി സ്വീകരിക്കുന്നു. കാലപ്പഴക്കം ചെന്ന പഴയ പൈപ്പുകൾ മാറ്റി പുതിയവ സ്ഥാപിക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾ നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ